(ഇ) അങ്കമാലി-ശബരി, ഗുരുവായൂർ-തിരുനാവായ, റെയിൽപാതകളുടെ ഇരിട്ടിപ്പിക്കൽ.

(എഫ്) പാതയിരട്ടിപ്പിക്കൽ, പുതിയ റെയിൽവേ ലൈനുകൾ എന്നിവയുടെ സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് റെയിൽവേയ്ക്ക് ആവശ്യമായ മുഴുവൻ ഭൂമിയും കൊടുക്കുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രി മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം പിരിയോഡിക്കലായി അവലോകനം ചെയ്യുന്നുമുണ്ട്.

പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി ആരംഭിക്കുന്നതിലുള്ള കാലതാമസം

239 (689) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി ആരംഭിക്കുമെന്ന 2008-09-ലെ റെയിൽവേ ബഡ്ജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഫാക്ടറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിനായി എന്തെങ്കിലും പുതിയ നിർദ്ദേശം റെയിൽവേ മന്ത്രാലയം മുന്നോട്ടുവച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഇ) ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) പദ്ധതി ഏത് രീതിയിൽ നടപ്പാക്കണമെന്ന തീരുമാനവും പദ്ധതിക്കുള്ള 'in-principle' approval -ഉം ഇതുവരെ കേന്ദ്ര സർക്കാർ എടുത്തിട്ടില്ല. എന്നാൽ മാത്രമേ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) പദ്ധതിക്കാവശ്യമായ 430.59 ഏക്കർ ഭൂമിയിൽ 429.27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഫാക്ടറി പൂർണ്ണമായും കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലായിരിക്കുമെന്ന അനുമാനത്തിൽ ആവശ്യമായ ഭൂമി സൗജന്യമായി നൽകുവാനാണ് സർക്കാരിന്റെ തീരുമാനം. പദ്ധതി ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ പൊതുമേഖലാ സ്ഥാപനവുമായിട്ടുള്ള സംയുക്ത സംരംഭമായി ആണ് നടപ്പിലാക്കുന്നതെങ്കിൽ ഇപ്പോൾ 60.6345 കോടി രൂപ കമ്പോളവിലയുള്ള ടി ഭൂമിയുടെ കമ്പോളവിലയുടെ 4% വാർഷിക പാട്ടവാടകയായി, പത്ത് കൊല്ലത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥയോടെ, ടി ഭൂമി കേന്ദ്ര ഗവൺമെന്റിന് സംസ്ഥാന സർക്കാർ നൽകുന്നതിന് സമ്മതമാണെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) സംയുക്ത സംരംഭത്തിൽ സ്വകാര്യ പങ്കാളിയാണെങ്കിൽ ഭൂമി പാട്ടത്തിന് നൽകുന്നതിനെക്കുറിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം പുതുതായി റെയിൽവേ ബോർഡ് ആരാഞ്ഞിട്ടുണ്ട്.

(ഡി&ഇ) ഇതുസംബന്ധിച്ച് നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്. ആയതിനുള്ള നടപടി ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 445, 446, 458, 475, 495, 518 എന്നീ നമ്പർ ചോദ്യോത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

II അടിയന്തരപ്രമേയം

പുല്ലുമേട് ദുരന്തം

മി. സ്പീക്കർ : ഒരു വർഷം മുമ്പ് നടന്ന കണമല ദുരന്തത്തിനിരയായ അയ്യപ്പഭക്തർക്ക് ഗവൺമെന്റ് വാഗ്ദാനം ചെയ്ത തുക നൽകാത്തതിലും അയ്യപ്പഭക്തരുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കാത്തതിലും കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പാക്കാത്തതിലും പുല്ലുമേട് ദുരന്തത്തെ സംബന്ധിച്ച് വിവിധ വകുപ്പുകൾ വ്യത്യസ്തമായ സത്യവാങ്മൂലം ഹൈക്കോടതിയിൽ നൽകിയതുമൂലവും ഉളവായിട്ടുള്ള പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി. ടി. അഹമ്മദ് അലി, കെ. കെ. ഷാജു, പി. സി. ജോർജ്, എം. കെ. പ്രേംനാഥ്, കെ.ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 AM]

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ.മാർ നൽകിയിട്ടുള്ള അടിയന്തര പ്രമേയത്തിനെ സംബന്ധിച്ച വിഷയം വളരെ പ്രധാനപ്പെട്ടതുതന്നെയാണ്. കഴിഞ്ഞ വർഷമാണ് കണമല ദുരന്തമുണ്ടായത്. അത്യന്തം ദുഃഖകരമായ സംഭവമായിരുന്നു അത്. ആന്ധ്രയിൽനിന്നുംവന്ന ഭക്തജനങ്ങളാണ് കൂടുതലായി ഈ ദുരന്തത്തിൽപ്പെട്ടത്. ജില്ലാ ഭരണാധികാരികളും ജനപ്രതിനിധികളും ഞാൻ ഉൾപ്പെടെയുള്ള മന്ത്രിമാരുമൊക്കെ സംഭവ സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ ത്വരിതപ്പെടുത്തിയിരുന്നു. ദേവസ്വം ബോർഡിൽനിന്ന് സാമ്പത്തിക സഹായം നൽകുന്നതിന് പരിമിതികളുള്ളതിനാൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഒരു ലക്ഷം രൂപയാണ് നൽകാൻ കഴിഞ്ഞത്. എന്നാൽ മൃതശരീരങ്ങൾ ആന്ധ്രയിൽ

LIBRARY ARCHIVES Kerala Legislative Assembly